# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1751 — 03.05.2017 — ൽ മറുപടിക്ക്

## ബിപിഎൽ കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ .എ.എം. ആരിഫ് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് അവസാനമായി റേഷൻ കാർഡ് എന്നാണ് വിതരണം ചെയ്തത്; | (എ) | 2008-2009 കാലഘട്ടത്തിലാണ് സംസ്ഥാനത്ത് അവസാനമായി റേഷൻ കാർഡ് വിതരണം ചെയ്തത്. |
| (ബി) | എപിഎൽ, ബിപിഎൽ എന്ന തരത്തിൽ റേഷൻ മുൻഗണനാ പട്ടിക നിലവിൽ നിശ്ചയിച്ചിട്ടുള്ളതിൽ വ്യാപകമായ പരാതി ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മുൻഗണനാപട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്നും, അർഹരായവർ ഒഴിവായി എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | യഥാർത്ഥ BPL പട്ടികയിൽ വരുന്നവരെ അതിൽ ഉൾപ്പെടുത്തുന്നതിന് ഉറപ്പുവരുത്തുവാൻ എന്താണ് ഇപ്പോഴുള്ള നടപടിക്രമമെന്ന് വ്യക്തമാക്കാമോ; | (സി) | റേഷൻകാർഡ് ഉടമകളെ മുൻഗണനാ/ മുൻഗണനേതര വിഭാഗമായി തിരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അർഹർ/അനർഹർ പട്ടിക ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ നൽകി റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നേരിട്ട് പരിശോധന നടത്തി വരികയാണ്. പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കുകയും അർഹരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | റേഷൻ മുൻഗണനാ പട്ടിക പ്രകാരമുള്ള അലോട്ട്മെന്റും ബിപിഎൽ ഗുണഭോക്താവ് എന്ന നിലയിലുള്ള പരിഗണനയും ബിപിഎൽ കുടുംബങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ